പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1523 — 06.03.2018 ൽ മറുപടിക്ക്

## സേഫ് സോൺ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>" കെ.രാജൻ. | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
| (എ) .സേഫ് സോൺ എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോ; | (എ) നടപ്പാക്കുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) മോട്ടോർ വാഹന വകുപ്പ് വിജയകരമായി നടത്തി വരുന്ന ഒരു റോഡ് സുരക്ഷാ പദ്ധതിയാണ് ശബരിമല സേഫ് സോൺ. അപകടങ്ങളുടെ എണ്ണം ഗണ്യമായി കുറച്ച് ഗതാഗത തടസ്സം ഒഴിവാക്കി തീർത്ഥാടനം സുഗമമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പരമമായ ലക്ഷ്യം. മറ്റ് വകുപ്പുകളുമായി സഹകരിച്ച് നടത്തുന്ന ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം സ്വദേശീയരും അന്യസംസ്ഥാനക്കാരുമായ തീർത്ഥാടകർക്ക് സുരക്ഷിത യാത്ര ഒരുക്കുക എന്നതാണ്.<br>ശബരിമല തീർത്ഥാടന കാലയളവിൽ റോഡപകടങ്ങൾ ഇല്ലാതാക്കുന്നതിനു വേണ്ടി നടപ്പിലാക്കി വരുന്ന "സേഫ് സോൺ" കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയെന്നതാണ് ലക്ഷ്യം. |
| (സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗതാഗത സംവിധാന നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗതാഗത സംവിധാനം നവീകരിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>ശബരിമല തീർത്ഥാടന പാതകളായ പത്തനംതിട്ട - പമ്പ , എരുമേലി - പമ്പ , എരുമേലി - പൊൻകുന്നം , എരുമേലി - കാഞ്ഞിരപ്പള്ളി കെ.കെ. റോഡ് എന്നിവിടങ്ങളിൽ ഹെൽപ് ലൈൻ നമ്പരുകളോടു കൂടിയ ദിശാ സൂചക ബോർഡുകളും മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കുന്നു.<br>അപകട സാദ്ധ്യതയുള്ള കൊടും വളവുകളിൽ പോളിക്രോം കോൺവെക്സ് മിററുകൾ സ്ഥാപിക്കുന്നു. തീർത്ഥാടക പാതയിലെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പി ഡബ്ല്യൂ ഡി മുഖാന്തിരം ബാരിക്കേഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നു.<br>പ്രസ്തുത പാതയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് അപ്പപ്പോൾ റെസ്ക്യൂ വർക്ക് നടത്തുന്നു. വാഹന നിർമ്മാണ കമ്പനികളുടെ സഹായത്തോടെ ബ്രേക്ക് ഡൗൺ തത്സമയം ശരിയാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ